മിഷൻ 676-ൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ

291 (7262) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നിർവ്വഹിക്കാനുദ്ദേശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി നാട്ടിക നിയോജകമണ്ഡലത്തിന് ലഭിക്കുന്ന പുതിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പ്രവൃത്തികൾ നിശ്ചയിക്കുമ്പോൾ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തീരുമാനങ്ങൾ എടുക്കാൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ&ബി) സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ-കുറ്റിപ്പുറം റോഡ്, മണ്ണുത്തി-അമല നഗർ ബൈപ്പാസ് എന്നിവയുടെ പുനരുദ്ധാരണം മിഷൻ 676-ൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ജനപ്രതിനിധികളുടെ ആവശ്യങ്ങളുംകൂടി പരിഗണിച്ചാണ് പ്രവൃത്തികൾ നിശ്ചയിക്കുന്നത്.

ആറ്റിങ്ങൾ മണ്ഡലത്തിലെ വിവിധ റോഡുകളുടെ നിർമ്മാണം

292 (7263) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ആലംകോട് എച്ച്.എസ്.എസ്.-ചിറ്റാറ്റുമുക്ക് റോഡ്, കിളിമാനൂർ-തുണ്ടിൽ-ഞാവേലിക്കോണം-തോപ്പിൽ-പോങ്ങനാട് റോഡ്, വട്ടക്കൈത-കാട്ടുചന്ത റോഡ് ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നത് പ്രദേശവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലംകോട് എച്ച്.എസ്.എസ്.-ചിറ്റാറ്റുമുക്ക് റോഡ് 30-9-2014-ലും കിളിമാനൂർ-തുണ്ടിൽ-ഞാവേലിക്കോണം-തോപ്പിൽ-പോങ്ങനാട് റോഡ് 31-12-2014-ലും, വട്ടക്കൈത-കാട്ടുചന്ത റോഡ് 31.09.2014-ലും പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly